**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3230** **01-03-2023 - ൽ മറുപടിയ്ക്ക്**

**പ്രൈമറി തലം മുതൽ കായിക വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കായിക വിദ്യാഭ്യാസം പ്രൈമറി തലം മുതൽ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് എൽ.പി. സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ എസ്.എസ്.എ. മുഖേന തെരഞ്ഞെടുത്തിട്ടുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | എസ്.എസ്.കെ മുഖനേ തെരഞ്ഞെടുത്തിട്ടുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ യു.പി വിഭാഗത്തിലാണ് നിയമിച്ചിട്ടുള്ളത്. അത്തരം അദ്ധ്യാപകർ ജോലി നോക്കുന്ന സ്കൂളുകളിൽ എൽ.പി വിഭാഗം കുട്ടികളുണ്ടെങ്കിൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്കും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നുണ്ട്. |
| (സി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് കൃത്യമായ ടൈംടേബിൾ, സ്കൂളുകൾ എന്നിവ വിഭജിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായിട്ടാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. അവർ ആഴ്ചയിൽ മൂന്ന് പ്രവർത്തി ദിനങ്ങളിൽ പരമാവധി രണ്ട് സ്കൂളുകളിലാണ് ജോലി ചെയ്തു വരുന്നത്. അതാത് സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ ടൈംടേബിൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ഡി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പുറമേ അതാത് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കായിക മേഖലയിൽ പരിശീലനം നൽകി വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഇ) | കളി സ്ഥലം ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ